

# സൂത്രധാരൻ





**പത്മഭൂഷൻ കാവാലം നാരായണപ്പണിക്കരുടെ ജീവിതവീഥിയിലൂടെ കടന്നുപോകുന്ന ഡോക്യുമെന്ററി ചിത്രമാണ് അഞ്ജലി മേനോന്റെ സൂത്രധാരൻ**

പത്മഭൂഷൻ കാവാലം നാരായണപ്പണിക്കരുടെ ജീവിതവീഥിയിലൂടെ കടന്നുപോകുന്ന ഡോക്യുമെന്ററി ചിത്രമാണ് സൂത്രധാരൻ. ലിറ്റിൽ ഫിലിംസ് പ്രൈവറ്റ് ലിമിറ്റഡ് അവതരിപ്പിക്കുന്ന 'സൂത്രധാര'നിൽ കാവാലം നാരായണപ്പണിക്കർക്ക് നാടകം, കവിത, സംഗീതം, സാഹിത്യം എന്നീ മേഖലയുമായുള്ള ബന്ധത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളെക്കുറിച്ചും പരാമർശിക്കുന്നു.

മോഹൻലാൽ, നെടുമുടി വേണു, ഡോ. മോഹൻ അഗഷി, ജി.പി. ദേശ്പാണ്ഡെ, എറിൻ ബി. മീ., പണ്ഡിറ്റ് ത്രിപാഠി, കനക് റെലേ, ഭാരതി ശിവജി, അമോൽ പലേക്കർ തുടങ്ങി സമൂഹത്തിലെ ഉന്നതസ്ഥാനീയരായ വ്യക്തികൾ കാവാലം നാരായണപ്പണിക്കരുമൊത്തുള്ള തങ്ങളുടെ അനുഭവങ്ങൾ ഡോക്യുമെന്ററിയിൽ പങ്കുവെക്കുന്നു. 'സൂത്രധാരന്റെ' മുഖ്യഭാഗവും ചിത്രീകരിച്ചിരിക്കുന്നത് കനകക്കുന്ന് പാലസിൽ വെച്ചാണ്. കാവാലത്തിന്റെ 80-ാം പിറന്നാളോഘോഷത്തോടനുബന്ധിച്ചാണ് പാലസിൽ ഡോക്യുമെന്ററി ഷൂട്ട് ചെയ്തത്.

അഞ്ജലി മേനോൻ സംവിധാനം ചെയ്ത സൂത്രധാരന്റെ ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത് തിരുഭുവൻ ബാബു. ശബ്ദനിയന്ത്രണം- ആന്റണി റൂബൻ. കലാസംവിധാനം- ബീനാ പോൾ വേണുഗോപാൽ.

മുംബൈ ആസ്ഥാനമായി പ്രവർത്തിച്ചുപോരുന്ന ലിറ്റിൽ ഫിലിംസ് പ്രൈവറ്റ് ലിമിറ്റഡ് ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററി, ഫീച്ചർ ഫിലിംസ് എന്നിവ നിർമിക്കുന്നു. ഗോൾഡൻ എലിഫന്റ് ഇന്റർനാഷണൽ ഫെസ്റ്റിവൽ, ചിൽഡ്രൻസ് ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ, ഇന്ത്യൻ പനോരമ എന്നീ പ്രമുഖ ചലച്ചിത്രോത്സവങ്ങളിൽ ഈ വർഷം ലിറ്റിൽ ഫിലിംസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ചിത്രങ്ങൾ മത്സരിച്ചിട്ടുണ്ട്. 2008 പകുതിയോടെ ഇവരുടെതന്നെ ആദ്യ ഫീച്ചർ ചിത്രമായ 'മഞ്ചാടിക്കുരു' പ്രദർശനത്തിനെത്തും.

നിർമാണത്തിനു പുറമെ ഇന്ത്യയ്ക്കു പുറത്ത് മലയാള സിനിമകളുടെ വിതരണവും പ്രൊമോഷൻ പരിപാടികളും ഏറ്റെടുക്കാൻ ലിറ്റിൽ ഫിലിംസ് തീരുമാനിച്ചിട്ടുണ്ട്.

www.littlefilmsindia.com



അഞ്ജലി മേനോൻ

**മോഹൻലാൽ, നെടുമുടി വേണു, ഡോ. മോഹൻ അഗഷി, ജി. പി. ദേശ്പാണ്ഡെ, എറിൻ ബി. മീ., പണ്ഡിറ്റ് ത്രിപാഠി, കനക് റെലേ, ഭാരതി ശിവജി, അമോൽ പലേക്കർ തുടങ്ങി സമൂഹത്തിലെ ഉന്നത സ്ഥാനീയരായ വ്യക്തികൾ കാവാലം നാരായണപ്പണിക്കരുമൊത്തുള്ള തങ്ങളുടെ അനുഭവങ്ങൾ ഡോക്യുമെന്ററിയിൽ പങ്കുവെക്കുന്നു.**